# 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും**

1189/2016.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | vii |
| 3. | വിയോജനക്കുറിപ്പ് | .. | ix |
| 4. | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബിൽ | .. | 1 |

# സബ്ജക്ട് കമ്മിറ്റി II (2016-18)

## ഭൂനികുതിയും ദേവസ്വവും

### ഘടന

ചെയർമാൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ,
റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

ശ്രീ. അടൂർ പ്രകാശ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം. എം. മണി

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. കെ. രാജൻ

ശ്രീ. എം. ഉമ്മർ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, അഡീഷണൽ സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ വി., അണ്ടർ സെക്രട്ടറി.

# 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കായി അയച്ച 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ (ബിൽ നമ്പർ 28), കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ 2016 ഒക്ടോബർ 17-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2016 നവംബർ 2-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2016 നവംബർ 2-ാം തീയതി സഭാ സമ്മേളനത്തിനുശേഷം സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതിയോടെ അംഗീകരിക്കുകയും ചെയ്തു.

3-ാം ഖണ്ഡത്തിനു പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

"3. ഒഴിവാക്കൽ.—പ്രധാന ആക്ടിലെ 3എ വകുപ്പ് വിട്ടുകളഞ്ഞിരുന്നാൽ തന്നെയും പ്രധാന ആക്ടിൻ കീഴിൽ നടപടിക്രമങ്ങൾ പാലിച്ച് ഭൂമിയുടെ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ അന്തിമമായി ക്രമവൽക്കരിച്ച് നൽകിയിട്ടുള്ള സംഗതിയിൽ, അപ്രകാരമുള്ള ക്രമവൽക്കരണം സാധുവായിരിക്കുന്നതും അപ്രകാരം ആർജ്ജിച്ചതോ പ്രാപ്തമായതോ അല്ലെങ്കിൽ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ചുമതലയെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടിയെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നിയമനടപടിയോ പരിഹാരമോ ഈ ആക്ട് പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്നു എന്ന രീതിയിൽ ആരംഭിക്കുകയോ തുടരുകയോ അല്ലെങ്കിൽ നടപ്പിലാക്കുകയോ ചെയ്യാവുന്നതാണ്."

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2016 നവംബർ 2.

ഇ. ചന്ദ്രശേഖരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി II.*

## വിയോജനക്കുറിപ്പ്

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് നിലവിൽ വരുന്നതിനു മുൻപ് ഏതെങ്കിലും നെൽവയലിന്റെ ഉടമസ്ഥനോ, അധിവാസിയോ, കൈവശക്കാരനോ അന്ന് നിലവിലുണ്ടായിരുന്ന മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെ നെൽവയൽ പരിവർത്തനപ്പെടുത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഭൂമിയുടെ ന്യായവിലയുടെയോ ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലെങ്കിൽ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ ന്യായവിലയുടെയോ ഇരുപത്തിയഞ്ച് ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് ക്രമവത്ക്കരിക്കുന്നതിനാണ് ആക്ടിൽ '3 എ' വകുപ്പ് 2015-ൽ കൊണ്ടുവന്നത്. അൻപതും അറുപതും വർഷങ്ങൾക്ക് മുൻപ് നിലമായിരുന്നതും പിന്നീട് കരഭൂമിയായി പരിവർത്തനപ്പെടുത്തി വീടുകൾ നിർമ്മിച്ചിട്ടുള്ളതുമായ സ്ഥലങ്ങൾ പോലും ബി.റ്റി.ആർ. രേഖകളിൽ നിലം എന്നാണ് ഇപ്പോഴും രേഖപ്പെടുത്തിയിരിക്കുന്നത്. 2015-ലെ ഭേദഗതി 2008-നു മുൻപ് പരിവർത്തനപ്പെടുത്തിയ നിലങ്ങൾക്കുമാത്രമേ ബാധകമാകുകയുള്ളൂ. ഈ നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ക്രമവത്ക്കരിക്കുന്നതിനായി തൊണ്ണൂറ്റി അയ്യായിരത്തിലധികം അപേക്ഷകൾ ലഭിച്ചതായി കാണുന്നു. ഇതിൽ ഭൂരിപക്ഷവും അഞ്ചും പത്തും സെന്റ് സ്ഥലം വീട് വയ്ക്കുന്നതിനുവേണ്ടി പരിവർത്തനപ്പെടുത്തിയതാണ്. 2016-ലെ ഭേദഗതി നിലവിൽ വരുന്ന സാഹചര്യത്തിൽ സാധാരണക്കാരിൽ സാധാരണക്കാരായ പാവങ്ങളുടെ ഭവന നിർമ്മാണം സംബന്ധിച്ച സ്വപ്നങ്ങളാണ് പൊലിയുന്നത്. വൻകിട ഭൂമാഫിയകളെ നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം കൊണ്ടുവരാതെ തീരെ പാവപ്പെട്ടവരെ ദ്രോഹിക്കുന്ന ഈ നിയമ ഭേദഗതിയിൽ ഞങ്ങൾ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

1. പി. ബി. അബ്ദുൽ റസ്സാക്ക് (ഒപ്പ്)

2. അടൂർ പ്രകാശ് (ഒപ്പ്)

3. എം. ഉമ്മർ (ഒപ്പ്)

1189/2016.

# 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ളത്)

[വശത്തുവരച്ചത് സമിതി നിർദ്ദേശിച്ച ഭേദഗതിയെ സൂചിപ്പിക്കുന്നു.]

## 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റ് (2008-ലെ 28) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കുവേണ്ടി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

2. 3എ വകുപ്പ് വിട്ടുകളയൽ.—2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിന്റെ (2008-ലെ 28) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3എ വകുപ്പ് വിട്ടുകളയേണ്ടതാണ്.

3. ഒഴിവാക്കൽ.—പ്രധാന ആക്റ്റിലെ 3എ വകുപ്പ് വിട്ടുകളഞ്ഞിരുന്നാൽ തന്നെയും പ്രധാന ആക്റ്റിൻ കീഴിൽ നടപടിക്രമങ്ങൾ പാലിച്ച് ഭൂമിയുടെ രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ അന്തിമമായി ക്രമവൽക്കരിച്ച് നൽകിയിട്ടുള്ള സംഗതിയിൽ, അപ്രകാരമുള്ള ക്രമവൽക്കരണം സാധുവായിരിക്കുന്നതും അപ്രകാരം ആർജ്ജിച്ചതോ പ്രാപ്തമായതോ അല്ലെങ്കിൽ നേരിട്ടതോ ആയ ഏതെങ്കിലും അവകാശത്തെയോ വിശേഷാവകാശത്തെയോ ചുമതലയെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടിയെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നിയമനടപടിയോ പരിഹാരമോ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്നിട്ടില്ലായിരുന്നു എന്ന രീതിയിൽ ആരംഭിക്കുകയോ തുടരുകയോ അല്ലെങ്കിൽ നടപ്പിലാക്കുകയോ ചെയ്യാവുന്നതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2016 നവംബർ 2.

വി. കെ. ബാബുപ്രകാശ്,
*സെക്രട്ടറി.*